**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ശ്രീ.അശോക് കുമാർ.ഇ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.) മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം. 1919/16 നമ്പർ കേസിലെ 17/08/2016 ലെ അന്തിമവിധി നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.1541/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 11/05/2017

---

പരാമർശം : 1. 30/06/1977-ലെ ജി.ഒ (പി) നം. 88/77/ഡിഡി.

2. ശ്രീ.ഇ.അശോക് കുമാർ മുതൽ പേർ സമർപ്പിച്ച 08/08/2016 ലെ നിവേദനം.

3. ഒ.എ.1919/16 നമ്പർ കേസിലെ 17/08/2016 ലെ അന്തിമ ഉത്തരവ്.

4. ഗ്രാമവികസന കമ്മീഷണറുടെ 18/02/2017 ലെ 18445/എസ്റ്റാ ബി2/16/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിൽ നിന്നും വിരമിച്ച ശ്രീ.അശോക് കുമാർ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ മുതലായവർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് ട്രെയിനിംഗ് പീരീഡ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചു. അതേ സമയം ഈ ആവശ്യമുന്നയിച്ചുകൊണ്ട് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ.1919/16 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. ഒന്നാം എതിർകക്ഷിയായ സർക്കാർ, വിധിപ്പകർപ്പ് ലഭിച്ച് മൂന്നുമാസത്തിനകം അപേക്ഷകരെ നേരിൽ കേട്ട് പരാമർശം (2) ലെ നിവേദനം (Annexure A9) പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ബഹു.ട്രിബ്യൂണൽ ഉത്തരവായി. അന്തിമ ഉത്തരവ് നടത്തിപ്പുമായി ബന്ധപ്പെട്ട് 17/11/2016-ൽ സർക്കാർ അപേക്ഷകരെ നേരിൽ കേൾക്കുകയുണ്ടായി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് പരിശീലന കാലയളവ് കൂടി കണക്കാക്കി 7 ജില്ലകളിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയിട്ടുള്ളതായി പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടു ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, 30/06/1977 ന ശേഷം സർവ്വീസിൽ പ്രവേശിച്ച വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് പരിശീലനകാലം പ്രൊബേഷന് കണക്കാക്കുകയില്ല ഈ കേസിലെ അപേക്ഷകരെല്ലാം 30/06/1977-ന ശേഷം ജോലിയിൽ പ്രവേശിച്ചവരാണ്.

ഈ സാഹചര്യത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പ്രീ സർവ്വീസ് പരിശീലനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പരാമർശം (2) ലെ നിവേദനം (Annexure-A9) നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക്

വിരുദ്ധമായി പ്രീ സർവ്വീസ് പരിശീലനകാലം കൂടി കണക്കാക്കി പെൻഷൻ ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്നും, അധികമായി കൈപ്പറ്റിയ തുക ഗ്രാമവികസന കമ്മീഷണർ തിരികെ ഈടാക്കേണ്ടതാണ്.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം.1919/16 നമ്പർ കേസിലെ 17/08/2016- ലെ അന്തിമവിധി ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**

**അണ്ടർ സെക്രട്ടറി**

1) ശ്രീ.ഇ.അശോക് കുമാർ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ & മറ്റ് 7 പേർക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5) ധനകാര്യ വകുപ്പ് (04/05/2017 ലെ ഡെവ-4/82/2017/ധന നമ്പർ അനൗദ്യോഗികക്കുറിപ്പ്)
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക വകുപ്പ് ( Web & New Media)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ